ഉത്തരം

(എ) കോമേഴ്സ് വിഷയത്തിൽ ബി. എഡ്. ബിരുദ കോഴ്സ് ഫണ്ട്. സോഷ്യോളജിയിൽ ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) അപേക്ഷകൾ ലഭിക്കുന്നപക്ഷം ചട്ടങ്ങൾക്കനുസൃതമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ

388 [2449] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഈ അദ്ധ്യയന വർഷം പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പൊതുപരീക്ഷകൾ പാർട്ട് ടൈം വിദ്യാർത്ഥികൾക്കും റഗുലർ വിദ്യാർത്ഥികൾക്കും ഒന്നിച്ചാണോ നടത്തിവരുന്നത്;

(സി) പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ക്ലാസ്സുകൾ സത്വരമായി ആരംഭിക്കാൻ നടപടി നിർദ്ദേശിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഈ വർഷം ജൂൺ 14-ാം തീയതി പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിച്ചു.

(ബി) അതെ, ഒന്നിച്ചാണ് നടത്തിവരുന്നത്.

(സി) ക്ലാസ്സുകൾ ജൂൺ 14-ന് ആരംഭിച്ചുവെങ്കിലും പ്രതിഫലം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അദ്ധ്യാപകർ സമരത്തിലാണ്.

(ഡി) പാർട്ട് ടൈം. കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകുന്ന അലവൻസ് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബി. ടെക്. കോഴ്സുകൾക്കും അക്രെഡിറ്റേഷൻ

389 [2450] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബി. ടെക്. കോഴ്സുകൾക്കും അക്രെഡിറ്റേഷൻ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപേക്ഷിച്ച എല്ലാ കോഴ്സുകൾക്കും അക്രെഡിറ്റേഷൻ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പുതുതായി കോഴ്സുകൾ തുടങ്ങുവാൻ പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

പെരിങ്ങളത്ത് ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ നടപടി

390 [2451] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ എത്ര ടെക്നിക്കൽ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി എവിടെയെങ്കിലും ടെക്നിക്കൽ സ്കൂൾ അനുവദിച്ചിട്ടുണ്ടോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഒരു ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ടെക്നിക്കൽ സ്കൂൾ അനുവദിക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിർദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ടെക്നിക്കൽ സ്കൂളുകൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

(ഡി) ടെക്നിക്കൽ സ്കൂൾ അനുവദിക്കാൻ 3 ഏക്കറിൽ കുറയാതെ സ്ഥലം ഉണ്ടായിരിക്കണം. 300 കുട്ടികളുള്ള ഒരു ടെക്നിക്കൽ സ്കൂളിൽ വേണ്ടതായ കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയുംപ്രകാരമാണ്. (പ്രതിവർഷം 90 കുട്ടികൾ വീതം)

1.	ഓഫീസ്	..	1200	ചതുരശ്ര അടി
2.	ക്ലാസ്മുറി 6x450 ച. അടി	..	2700	,,
3.	ഡ്രായിംഗ് ഹാൾ 2x750 ച. അടി	..	1500	,,
4.	സയൻസ് ലാബ്	..	2000	,,
5.	മെക്കാനിക്കൽ ലാബ്	..	1500	,,
6.	ലൈബ്രറി റീഡിംഗ് മുറി	..	1500	,,

LIBRARY ARCHIVES Kerala Legislative Assembly